‘കാർഷിക സമഗ്രവികസനവും തരിശുരഹിത പഞ്ചായത്തും’

# കാർഷിക കർമ്മസേനയുടെ വ്യാപനം

## പ്രപ്പോസൽ

കൃഷിവകുപ്പ്
കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
കുടപ്പനക്കുന്ന് കാർഷിക കർമ്മസേന

# ‘കാർഷിക സമഗ്രവികസനവും തരിശുരഹിത പഞ്ചായത്തും’
# കാർഷിക കർമ്മസേനയുടെ വ്യാപനം

കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും കാർഷികകർമ്മസേന രൂപീകരിക്കാനും അവയുടെ പ്രവർത്തനങ്ങൾക്ക് വേണ്ട സഹായം നൽകുന്നതിനുമായി 1,00,00,000 രൂപ 2012-2013 ലെ ബജറ്റിൽ ഫ്ളാഗ്ഷിപ് പ്രോഗ്രാമിൽപ്പെടുത്തി പ്രാഥമികമായി കേരള സർക്കാർ മാറ്റിവച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ കുടപ്പനക്കുന്ന് കൃഷിഭവന്റെ നേതൃത്വത്തിൽ രൂപീകരിച്ച കാർഷികകർമ്മസേന കാർഷികമേഖലയിലെ ഒട്ടനവധി പ്രശ്നങ്ങൾക്ക് പരിഹാരമായി കഴിഞ്ഞ അഞ്ചുവർഷമായി വിജയകരമായി പ്രവർത്തിച്ചുവരുന്നു. ഇവരുടെ അനുഭവം ഉൾക്കൊണ്ടാണ് ഈ പരിപാടിക്ക് സർക്കാർ രൂപംനൽകിയത്. കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലേക്കും ഇത് വ്യാപിപ്പിക്കുന്നതിന്റെ ആദ്യപടിയായി തെരഞ്ഞെടുത്ത പഞ്ചായത്തുകളിൽ ഇതിന്റെ പ്രവർത്തനം വ്യാപിപ്പിക്കുകയും അതിന്റെ വെളിച്ചത്തിൽ മറ്റ് പഞ്ചായത്തുകളിലേക്കും ഇതിന്റെ പ്രവർത്തനം എത്തിക്കാനുമാണ് ഇതിന്റെ ഭാഗമായി ധാരണയായിട്ടുള്ളത്.

ഈ പ്രവർത്തനം നടത്തുന്നതിന്, കേരളത്തിലെ എല്ലാ പഞ്ചായത്തുകളെയും ചേർത്ത് 1966 ൽ കേരള സർക്കാർ രൂപീകരിച്ച കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷനും, കൃഷിവകുപ്പും ചേർന്ന് കുടപ്പനക്കുന്ന് കൃഷിഭവന്റെ സഹായത്തോടെ ‘സമഗ്ര കാർഷികവികസനവും തരിശുരഹിത പഞ്ചായത്തും’ എന്ന പേരിൽ ഒരു പരിപാടി മുകളിൽ സൂചിപ്പിച്ച ലക്ഷ്യം കൈവരിക്കാൻ ആരംഭിച്ചിട്ടുണ്ട്. ഈ പരിപാടിയുടെ ഭാഗമായി 92 പഞ്ചായത്തുകളെയാണ് ആദ്യപടിയായി തെരഞ്ഞെടുത്തിട്ടുള്ളത്. ഇതിന്റെ ഭാഗമായി ഇതുവരെ നടന്ന പ്രവർത്തനങ്ങളുടെ റിപ്പോർട്ട് അനുബന്ധം 1 ൽ കൊടുത്തിട്ടുണ്ട്.

.വളരെ കൃത്യമായ ഒരു മാനേജ്മെന്റ്, പരിശീലന, പിന്തുണാ സംവിധാനം ഇതിന്റെ വിജയകരമായ പ്രവർത്തനത്തിനും വ്യാപനത്തിനും അനിവാര്യമാണ്. ഇതിനായി ഓരോ പഞ്ചായത്തിലും തുടങ്ങിയ കാർഷികകർമ്മസേനകൾക്ക് കൃത്യമായ പരിശീലനം നൽകേണ്ടത് അനിവാര്യമാണ്. കൂടാതെ ഇവയുടെ പ്രവർത്തനത്തിന് കുറഞ്ഞത് മൂന്നുവർഷത്തേക്കെങ്കിലും പിന്തുണ നൽകാൻ ഈ പരിപാടി വഴി ആലോചിക്കുന്നു.

### ഉദ്ദേശ്യലക്ഷ്യങ്ങൾ

ഈ പരിപാടിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെക്കൊടുക്കുന്നു.

1. തൊഴിലാളികളുടെ ലഭ്യതക്കുറവ് പരിഹരിക്കുക
2. യുവജനങ്ങളെ കൃഷിയിലേക്ക് ആകർഷിക്കുക
3. ഭക്ഷ്യസ്വയംപര്യാപ്തത കൈവരിക്കുക
4. നിലവിലുള്ള ഹെക്ടർ തരിശുഭൂമി അനുയോജ്യമായ വിളകൾ കൃഷിചെയ്ത് തരിശുരഹിത പഞ്ചായത്താക്കി മാറ്റുക
5. നിലവിൽ കൃഷിചെയ്യുന്ന ഭൂമിയിൽ ശാസ്ത്രീയ കൃഷിമുറകളിലൂടെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കുക.
6. ശാസ്ത്രീയ പരിചരണത്തിലൂടെ സമ്പൂർണ്ണമായ കീടരോഗനിയന്ത്രണം ഉറപ്പാക്കുക.
7. വിഷവിമുക്തമായ ഭക്ഷ്യോൽപന്നങ്ങൾ ഉൽപാദിപ്പിച്ച് മാരകരോഗങ്ങളെ നിയന്ത്രിക്കുക.
8. കർഷകർക്ക് മികച്ച വില എല്ലാ ഉൽപന്നങ്ങൾക്കും ലഭ്യമാക്കുക.
9. പഞ്ചായത്തിലേക്കാവശ്യമുള്ള എല്ലാ വിളകളുടെയും ഗുണനിലവാരമുള്ള തൈകൾ ഉൽപാദിപ്പിച്ച് യഥാസമയം കർഷകന് ലഭ്യമാക്കുക.
10. പഞ്ചായത്തിൽ ഹൈടക് ഫാമുകൾ ആരംഭിക്കുക.
11. യന്ത്രവൽക്കരണത്തിലൂടെ കൃഷിപ്പണികൾ ലഘൂകരിച്ചുകൊണ്ട് കൃഷിചെലവു കുറയ്ക്കുക.
12. കാർഷികകലണ്ടർ തയ്യാറാക്കി ഋതുഭേദങ്ങൾക്കനുസരിച്ച് യഥാസമയം മികച്ച കാർഷികസേവനങ്ങൾ കുറഞ്ഞ ചെലവിൽ കർഷകരിലേക്ക് എത്തിക്കുക.
13. യഥാസമയം വിളവെടുപ്പു നടത്തുകയും വിപണിസൗകര്യം ഒരുക്കുകയും ചെയ്യുക.

14. കാർഷികവിളകളുടെ സംഭരണവും സംസ്കരണവും മൂല്യവർദ്ധനവും നടപ്പിലാക്കുക.
15. കാർഷികാധിഷ്ഠിത വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുക.
16. വിത്തുകൾ, തൈകൾ, വളങ്ങൾ തുടങ്ങിയ ഉൽപാദനോപാധികൾ കൃത്യസമയത്ത് കർഷകർക്ക് ലഭ്യമാക്കുക.
17. കർഷകർക്ക് ആവശ്യാനുസരണം പരിശീലനപരിപാടികൾ ലഭ്യമാക്കുന്നതിന് കൃഷിഭവനെ വിവര-വിജ്ഞാനകേന്ദ്രമാക്കുക.
18. മേൽപറഞ്ഞ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി കാർഷികകർമ്മസേന രൂപീകരിക്കുക.
19. കാർഷികകർമ്മസേനകൾക്ക് വേണ്ടി ഒരു വെബ്സൈറ്റിന് രൂപംനൽകുക.

## പ്രവർത്തനങ്ങൾ

## I. അഗ്രികൾച്ചറൽ ടെക്നിഷ്യൻസിന് പരിശീലനം

ഒരു പഞ്ചായത്തിൽ ശരാശരി 20 ടെക്നിഷ്യൻസ് എന്ന കണക്കിന് 92 പഞ്ചായത്തുകളിലായി 1840 ടെക്നിഷ്യൻസ് ആകെയുണ്ട്. ഇവർക്ക് രണ്ടു ഘട്ടമായിട്ടാണ് പരിശീലനം നൽകേണ്ടത്. ഒന്നാം ഘട്ടത്തിൽ മൂന്ന് ദിവസത്തെ പരിശീലനവും രണ്ടാം ഘട്ടത്തിൽ 13 ദിവസത്തെ പരിശീലനവുമാണ് നൽകുന്നത്.

### 1. ഒന്നാം ഘട്ടം ത്രിദിന പരിശീലനം

ഒന്നാം ഘട്ടത്തിൽ 18 ബാച്ചുകളായി മൂന്നു ദിവസം വീതമുള്ള പരിശീലനങ്ങളാണ് വിവിധ കേന്ദ്രങ്ങളിൽവച്ച് നൽകുന്നത്. ഇത് തികച്ചും റസിഡൻഷ്യൽ പരിശീലനങ്ങൾ ആയിരിക്കും. ഈ പരിശീലനത്തിൽ ചുവടെ കൊടുത്തിട്ടുള്ള വിഷയങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

- കാർഷികമേഖലയിലെ പ്രശ്നവിശകലനം.
- ഈ പരിപാടിയുടെ വിശദീകരണം.
- ഉപദേശകസമിതി, ഭരണസമിതി എന്നിവയുടെ അധികാരങ്ങൾ, ചുമതലകൾ.
- ടെക്നീഷ്യൻസിന്റെ ഉത്തരവാദിത്വം, കടമ, പ്രവർത്തനരീതി.
- ആശയവിനിമയം, മോട്ടിവേഷൻ, ലീഡർഷിപ്പ്, പേഴ്സണാലിറ്റി ഡെവലപ്മെന്റ്, ഇന്റർപേഴ്സണൽ റിലേഷൻ എന്നിവയിൽ പരിശീലനം.
- എസ്റ്റിമേറ്റ് തയ്യാറാക്കലും ഫീൽഡ് പ്രിപ്പറേഷനും.
- വർക്ക് മാനേജ്മെന്റിനുള്ള പരിശീലനം.
- വിവിധ വിളകളും കൃഷിരീതിയും
- രോഗകീട നിർണ്ണയവും നിയന്ത്രണവും.
- വിവിധ കാർഷിക ഉപകരണങ്ങളും യന്ത്രങ്ങളും പരിചയപ്പെടുത്തലും, ഉപയോഗം ബോധ്യപ്പെടുത്തലും.

### പരിശീലനദൈർഘ്യം

ത്രിദിന പരിശീലനം- ഒന്നാം ദിവസം രാവിലെ 10 മണിക്ക് ആരംഭിച്ച് രാത്രി 9 മണി വരെയും, രണ്ടാം ദിവസം രാവിലെ 8.30 ന് ആരംഭിച്ച് വൈകുന്നേരം 9 മണി വരെയും മൂന്നാം ദിവസം രാവിലെ 8.30 ന് ആരംഭിച്ച് വൈകുന്നേരം 9 മണി വരെയും ആയിരിക്കും. ഇത്തരത്തിൽ ശരിക്കും പരിശീലനത്തിന് 24 മണിക്കൂർ കിട്ടും. ഈ പരിശീലനം നടത്താനായി റെയിഡ്കോയിലെ എൻജിനീയർമാർ, കൃഷിവകുപ്പിന്റെ എൻജിനീയർമാർ, മാനേജ്മെന്റ് വിദഗ്ദ്ധർ എന്നിവരെ ഉൾപ്പെടുത്തി കിലയുടെ സഹായത്തോടെ പരിശീലക പരിശീലനം നടത്തിക്കഴിഞ്ഞു.

### 2. 13 ദിവസത്തെ പരിശീലനം

മൂന്നു ദിവസത്തെ പരിശീലനത്തെ തുടർന്ന് അഗ്രികൾച്ചർ ടെക്നീഷ്യൻസിന് 13 ദിവസത്തെ മെഷീൻസ് പരിശീലനം അതത് പഞ്ചായത്തുകളിലും പഞ്ചായത്തുകൾ ചേർത്തും സംഘടിപ്പിക്കും. ഇതിൽ ചുവടെ കൊടുത്തിട്ടുള്ള വിഷയങ്ങളായിരിക്കും ഉൾപ്പെടുത്തുക. വിവിധ കാർഷിക ഉപകരണങ്ങളും യന്ത്രങ്ങളും പ്രവർത്തിപ്പിക്കാനും അതിന്റെ മെയിന്റനൻസിനും വേണ്ട പ്രായോഗിക പരിശീലനം, ട്രാക്ടർ ലൈസൻസ് എടുപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ ഇതിന്റെ ഭാഗമായി നടത്തും. ഈ പരിശീലനത്തിന്റെ

ചെലവ് പഞ്ചായത്തുകൾ തന്നെ പ്രോജക്ട് തയ്യാറാക്കി പണം കണ്ടെത്തുന്നതാണ്. പരിശീലന ഷെഡ്യൂൾ അനുബന്ധമായി കൊടുത്തിട്ടുണ്ട്.

## II. കാർഷികകർമ്മസേന ഓഫീസ് മാനേജ്മെന്റ് ത്രിദിന പരിശീലനം

കാർഷികകർമ്മസേനയുടെ പ്രവർത്തനം സുഗമമാവണമെങ്കിൽ, സേവനം വളരെ കൃത്യതയോടെ പൊതുജനത്തിന് ലഭിക്കണമെങ്കിൽ ഓഫീസ് പ്രവർത്തനം കാര്യക്ഷമമാവണം. അതിനായി കാർഷികകർമ്മസേനയുടെ ട്രഷറർ, സെക്രട്ടറി, കോഡിനേറ്റർ, പ്രസിഡന്റ്, കൃഷി ഓഫീസർ എന്നിവർക്ക് ത്രിദിന പരിശീലനം നൽകും. ഇതിൽ ചുവടെ കൊടുത്തിട്ടുള്ള വിഷയങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

- മൊത്തത്തിൽ നടത്തുന്ന ഈ പരിപാടിയുടെ ഒരു പൊതുധാരണ ഉണ്ടാക്കൽ.
- പഞ്ചായത്തിൽ ഇതിന്റെ ഭാഗമായി ഇതുവരെ നടത്തിയ പരിപാടിയുടെ വിശകലനം.
- ഉപദേശകസമിതി, ഭരണസമിതി, ടെക്നീഷ്യൻസ് ഗ്രൂപ്പ് എന്നിവരുടെ അധികാരം, ചുമതല, ഉത്തരവാദിത്വം.
- ഫീൽഡ് പ്രിപ്പറേഷൻ, വർക്ക് മാനേജ്മെന്റ്.
- ഓഫീസ് മാനേജ്മെന്റ്
- ആഡിറ്റ്, ക്യാഷ് മാനേജ്മെന്റ്, രജിസ്റ്ററുകൾ കൈകാര്യം ചെയ്യലും സൂക്ഷിക്കലും, ഫയലിംഗ്, ലെറ്റർ തയ്യാറാക്കൽ, പ്രോജക്ട് പ്രിപ്പറേഷൻ, റിപ്പോർട്ട് പ്രിപ്പറേഷൻ
- ടെക്നീഷ്യൻസ് മാനേജ്മെന്റ്
  എന്നിവയിൽ പരിശീലനം നൽകും. കൂടാതെ,
- ആശയവിനിമയം, മോട്ടിവേഷൻ, ലീഡർഷിപ്പ് എന്നീ പരിശീലനങ്ങളും മൂന്നുദിവസത്തിന്റെ ഭാഗമായി നൽകും.

## III. വെബ്സൈറ്റ്

കാർഷികകർമ്മസേനയ്ക്ക് ഒരു വെബ്സൈറ്റ് - ഈ വെബ്സൈറ്റിൽ ലോകത്ത് എവിടെ ജീവിക്കുന്ന ആളിനും കേരളത്തിലെ അവരുടെ പഞ്ചായത്തിൽ/മുനിസിപ്പാലിറ്റിയിൽ/കോർപ്പറേഷനിൽ ഉള്ള അവരുടെ ഭൂമിയിലേക്ക് കാർഷികകർമ്മസേനയുടെ സേവനം ലഭ്യമാക്കാൻ ഈ വെബ്സൈറ്റ് സഹായകമാകും. ഇതിന് ചുവടെ കൊടുത്തിട്ടുള്ള പ്രത്യേകതകൾ ഉണ്ടാവും:

- ഏതൊരാളിനും എവിടെയിരുന്നും അവരുടെ പഞ്ചായത്തിലെ കർമ്മസേനയുടെ സേവനം ഓൺലൈൻ വഴി ആവശ്യപ്പെടാം.
- ഇതിൽ എല്ലാ പഞ്ചായത്തിലെയും കർമ്മസേനയുടെ ഇ-മെയിൽ ഐഡി, വെബ്സൈറ്റ് ലിങ്ക് എന്നിവ ഉണ്ടാവും.
- എല്ലാ കർമ്മസേനയുടെയും മേൽവിലാസം, ഫോൺനമ്പർ, കോണ്ടാക്ട് പേഴ്സൺസ് വിവരം എന്നീ വിശദവിവരങ്ങൾ ഈ സൈറ്റിലുണ്ടാവും.
- ഓരോ പ്രദേശത്തെയും റേറ്റ് സംബന്ധിച്ച വിവരം ഓരോ പഞ്ചായത്തിന്റെയും വെബ്സൈറ്റ് വഴി ലഭ്യമാക്കും.
- ഓരോ പഞ്ചായത്തിലേക്കും സേവനം ഡിമാന്റ് ചെയ്യാൻ, അഭിപ്രായങ്ങൾ, സഹായം, ആശയവിനിമയം എന്നിവയ്ക്കുള്ള സംവിധാനം ഇതുവഴി ഉണ്ടാകും.
- ഓരോ പഞ്ചായത്ത് കർമ്മസേനയും വിഭാവനം ചെയ്യുന്ന പ്രവർത്തനങ്ങൾ, അത് ലഭിക്കാൻ വേണ്ടി ഗുണഭോക്താക്കൾ എന്തുചെയ്യണം എന്നിവയോടൊപ്പം കർമ്മസേന നൽകുന്ന മൊത്തം വിവരങ്ങളും, അതിന്റെ കണ്ടിഷൻസും അടങ്ങുന്ന രീതിയിൽ പൗരാവകാശരേഖ പ്രസിദ്ധീകരിക്കുകയും അത് സൈറ്റിൽ ലഭ്യമാക്കുകയും ചെയ്യും.
- ഓരോ കർമ്മസേനയുടെയും എല്ലാ വർഷത്തെയും റിപ്പോർട്ട്, കണക്ക്, ആഡിറ്റ് റിപ്പോർട്ട് എന്നിവ വെബ്സൈറ്റ് വഴി ഏതൊരാളിലും ലഭ്യമാക്കാൻ സംവിധാനമുണ്ടാക്കും.
- ഇതോടൊപ്പം കർമ്മസേനയുടെ മൊത്തം പ്രവർത്തനങ്ങൾ പൊതുസമൂഹത്തിൽ എത്തിക്കാൻ ഉതകുന്ന തരത്തിൽ ഒരു ഇ-പത്രവും വെബ്സൈറ്റിന്റെ ഭാഗമായി ആരംഭിക്കും.

## IV. ഉദ്ഘാടനം

കാർഷിക കർമ്മസേനയുടെ സന്ദേശം എല്ലാ പഞ്ചായത്തുകളിലും എത്തിക്കാൻ ഉതകുന്ന തരത്തിൽ ഒരു സംസ്ഥാനതല ഉദ്ഘാടനം സംഘടിപ്പിക്കും. ഇതിൽ ചുവടെ കൊടുത്തിട്ടുള്ള പരിപാടികളാണ് നടക്കേണ്ടത്:

- 92 പഞ്ചായത്തിലെയും കർമ്മസേനയുടെ ടെക്നീഷ്യൻസ് യൂണിഫോമിൽ നിരന്നുകൊണ്ടുള്ള പാസിംഗ് ഔട്ട്.
- കർമ്മസേനയുടെ ഔദ്യോഗികപ്രഖ്യാപനം.
- ടെക്നീഷ്യൻസിനുള്ള ഹാൻഡ്ബുക്കിന്റെ പ്രകാശനം.
- പ്രവർത്തന മാനുവലിന്റെ പ്രകാശനം.
- പ്രോസസ് ഡോക്യുമെന്റിന്റെ പ്രകാശനം
- കൂട്ട ഓട്ടം

എന്നിവ സംഘടിപ്പിക്കണം.

## V. ഇതിന്റെ ഭാഗമായി തയ്യാറാക്കേണ്ട രേഖകൾ

- ഉദ്ഘാടനം വരെയുള്ള പ്രവർത്തനത്തിന്റെ പ്രോസസ് ഡോക്യുമെന്റ്.
- ടെക്നീഷ്യൻസിന് ദൈനംദിനം ഉപയോഗിക്കാൻ കഴിയുന്ന രീതിയിൽ വിവിധ വിളകൾ, നടീൽരീതി, വളപ്രയോഗം, കീടനാശിനിപ്രയോഗം, പരിപാലനം, വിളവെടുപ്പ് തുടങ്ങിയവ വിശദീകരിക്കന്ന ഒരു കൈപ്പുസ്തകം.
- ഓഫീസ് ഫീൽഡ് മാനേജ്മെന്റിനുള്ള ഒരു മാനുവൽ.
- വിവിധ സ്കീമുകളെക്കുറിച്ചും സംയോജനത്തെ സംബന്ധിച്ചുമുള്ള ഒരു ലഘുലേഖ.

എന്നിവ തയ്യാറാക്കി പ്രസിദ്ധീകരിക്കുകയും ഇവർക്ക് ലഭ്യമാക്കുകയും ചെയ്യും.

## VI. യൂണിഫോം

1840 ടെ4ക്നീഷ്യൻമാർക്കും യൂണിഫോം തയ്യാറാക്കി നൽകൽ. പുരുഷന്മാർക്ക് പാന്റ്സ് (നേവിഗ്രീൻ), ബനിയൻ (പച്ച), തൊപ്പി (പച്ച), സ്ത്രീകൾക്ക് ഇതുകൂടാതെ കടുംപച്ച ഓവർക്കോട്ടും ഉണ്ടാവും. 1840 ൽ ഏകദേശം 840 പേർ സ്ത്രീകളാണ്. എല്ലാവരുടെ യൂണിഫോമിലും തൊപ്പിയിലും കർമ്മസേനയുടെ എംബ്ലം, പഞ്ചായത്തിന്റെ പേര് എന്നിവ പതിപ്പിക്കും. എല്ലാവർക്കും പഞ്ചായത്ത് എംബ്ലം വച്ച ഐഡന്റിറ്റി കാർഡ് നൽകും.

## VII. സംഘാടനം

ഇതിന്റെ മൊത്തം സംഘാടനം കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷനും, ഇതിന്റെ ഭാഗമായി രൂപീകരിക്കുന്ന മാനേജ്മെന്റ് കമ്മിറ്റിക്കും ആയിരിക്കും. മാനേജ്മെന്റ് കമ്മിറ്റിയിൽ ചുവടെ കൊടുത്തിട്ടുള്ളവരായിരിക്കും അംഗങ്ങൾ. കൂടാതെ ഇതിന് ഒരു ഗവേണിങ് ബോഡിയും ഉണ്ടായിരിക്കും. ഇതിന്റെ ഘടന ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഘടകം | ഒരു പഞ്ചായത്തിൽനിന്നും | ആകെ പങ്കാളിത്തം | ബാച്ചുകൾ | ഒരു ബാച്ചിന്റെ ചെലവ് | മൊത്തം ബാച്ചുകൾക്ക് വരുന്ന ചെലവ് |
|---|---|---|---|---|---|---|
| 1. | അഗ്രികൾച്ചർ ടെക്നീഷ്യൻസിന്റെ ത്രിദിന പരിശീലനം | ശരാശരി 20 പേർ | 20X92=1840 | 18 | 1. ഭക്ഷണം 100 പേർക്ക് മൂന്ന് ദിവസം 330X100 = 33,000<br>2. 100 പേർക്ക് താമസം രണ്ട് ദിവസം 100X300.2 = 60,000<br>3. പങ്കാളികൾക്ക് ടി.എ. 150X100 = 15,000<br>4. ഫാക്കൽറ്റികൾ ആകെ 6 പേർ. ടി.എ.യും ഓണറേറിയവും 1500X6 = 9,000<br>5. ഫാക്കൽറ്റികൾക്ക് താമസം 400X3 = 1,200<br>6. മൈക്ക്, എൽ.സി.ഡി. 2000X3 = 6,000<br>7. ഹാൾ വാടക 2500X3 = 7,500<br>8. ഒരു പാഡ്, പേന20X100 = 2,000<br>9. കത്ത് അയയ്ക്കൽ = 1,000<br>10. പ്രിന്റിംഗ് (മെറ്റീരിയൽ) = 1,000<br>**1,35,700** | **24,42,600** |
| 2. | കാർഷിക കർഷകസേന ഓഫീസ് മാനേജ്മെന്റ് പരിശീലനം | 5 പേർ | 5.92=460 | 10 | 1. ഭക്ഷണം മൂന്ന് ദിവസം 330X46 = 15,180<br>2. 46 പേർക്ക് താമസം രണ്ട് ദിവസം 46X300X2 = 27,600<br>3. പങ്കാളികൾക്ക് ടി.എ. 150X37 = 5,550<br>4. ഫാക്കൽറ്റികൾ ആകെ 5 പേർ. ടി.എ.യും ഓണറേറിയവും 1500X5 = 7,500<br>5. ഫാക്കൽറ്റികൾക്ക് താമസം 400X3 = 1,200<br>6. എൽ.സി.ഡി. 1000X3 = 3,000<br>7. ഹാൾ വാടക 1500X3 = 4,500<br>8. ഒരു പാഡ്, പേന 20X46 = 920<br>9. കത്ത് അയയ്ക്കൽ = 460<br>10. പ്രിന്റിംഗ് (മെറ്റീരിയൽ)= 1,000<br>**66,910** | **6,69,100** |
| 3. | വെബ്സൈറ്റ് | | | | | **3,00,000** |
| 4. | ഉദ്ഘാടനം | ശരാശരി 20+10=30 | 30X92 = 2760 | | ഭക്ഷണം 50X100 = 5,000<br>താമസം 50X400 = 20,000<br>മൈക്ക്, ലൈറ്റ് = 15,000<br>സ്റ്റേജ് ഡെക്കറേഷൻ = 25,000<br>നോട്ടീസ് = 15,000<br>പത്രപരസ്യം = 50,000<br>സ്ഥലവാടക = 5,000<br>ബാനർ, പോസ്റ്റർ = 15,000<br>മറ്റ് ചെലവുകൾ = 5,000<br>**1,55,000** | **1,55,000** |
| 5. | രേഖകൾ പ്രസിദ്ധീകരിക്കാൻ | | | | പ്രോസസ് ഡോക്യുമെന്റ്= 10,000<br>കൈപ്പുസ്തകം = 70,000<br>മാനുവൽ = 15,000<br>സംയോജനസാധ്യത = 10,000<br>**85,000** | **1,05,000**<br>അധികമായി വരുന്ന തുക പരസ്യം വഴി കണ്ടെത്തും. |

| | | | | | | |
|---|---|---|---|---|---|---|
| 6. | യൂണിഫോം | 20 പേർ | 1840 പേർ. ഇതിൽ 840 പേർ സ്ത്രീകൾ ആയിരിക്കും. | | ഒരു പുരുഷന് യൂണിഫോമിന് 450 രൂപയും സ്ത്രീക്ക് 900 രൂപയും വേണ്ടിവരും. 450X1000 = 4,50,000 900X840 = 7,56,000 **12,06,000** | ഇതിൽ 3,01,500 രൂപ ഇതിന്റെ ഭാഗമായും ബാക്കി 9,04,500 രൂപ പഞ്ചായത്ത് സ്പോൺസർഷിപ്പിൽ ക്കൂടിയും കണ്ടെത്താം. |

**ആകെ ചെലവ്**

| | |
|---|---|
| 1. അഗ്രികൾച്ചർ ടെക്നീഷ്യൻസ് ത്രിദിന പരിശീലനം | 24,42,600 |
| 2. കാർഷിക കർമ്മസേന ഓഫീസ് മാനേജ്മെന്റ് പരിശീലനം | 6,69,100 |
| 3. വെബ്സൈറ്റ് | 3,00,000 |
| 4. ഉദ്ഘാടനം | 1,55,000 |
| 5. രേഖകൾ പ്രസിദ്ധീകരിക്കൽ | 1,05,000 |
| 6. യൂണിഫോം വിതരണം | 3,01,500 |
| **ആകെ** | **39,73,200** |

**മോണിറ്ററിംഗ്**

ഇതിന്റെ പ്രവർത്തന മോണിറ്ററിംഗ് ജില്ലാതലത്തിൽ കൃഷിയുടെ ജില്ലാ ഓഫീസർ, മൃഗസംരക്ഷണവകുപ്പിലെ ജില്ലാ ഓഫീസർ, ഗ്രാമപഞ്ചായത്ത് അസോസിയേഷന്റെ ജില്ലാപ്രസിഡന്റ്, സെക്രട്ടറി, ഇത് നടക്കുന്ന പഞ്ചായത്തിലെ പ്രസിഡന്റുമാർ, കൃഷി ഓഫീസർമാർ എന്നിവരെ ചേർത്ത് ഒരു കമ്മിറ്റിക്ക് രൂപംനൽകുന്നതാണ്.

അനുബന്ധം 1

# സമഗ്ര കാർഷികവികസനവും തരിശുരഹിത പഞ്ചായത്തും ഇതുവരെ നടന്ന പ്രവർത്തങ്ങൾ

- ഗ്രാമപഞ്ചായത്ത് അസോസിയേഷനിൽ നിന്നും എല്ലാ പഞ്ചായത്തിനും ഈ പരിപാടിയുടെ വിശദവിവരവും അപേക്ഷിക്കാനുള്ള രീതിയും അപേക്ഷഫോമും അടക്കം കത്ത് അയച്ചു.
- കത്തിനോട് പ്രതികരിച്ച 148 പഞ്ചായത്തുകളെ പരിഗണിച്ചു.
- പഞ്ചായത്തുകൾക്ക് പരിശീലനങ്ങളിൽ പങ്കെടുക്കാൻ പല അവസരങ്ങൾ നൽകി. അതിനായി 6 പരിശീലനങ്ങൾ ആദ്യഘട്ടത്തിൽ സംഘടിപ്പിച്ചു. ആകെ 64 പഞ്ചായത്തുകളാണ് ഈ പരിശീലനങ്ങളിൽ പങ്കെടുത്തത്. ഇതിൽ പങ്കെടുക്കാത്ത പഞ്ചായത്തുകളെ ഒഴിവാക്കി. കിലയാണ് സാമ്പത്തിക പിന്തുണ നൽകിയത്.
- തുടർന്ന് എല്ലാ പഞ്ചായത്തിനും കത്ത് അയച്ചു. 40 പഞ്ചായത്തുകൾ പ്രതികരിച്ചു. ഇവർക്കായി 2 പരിശീലനങ്ങൾ കൂടി സംഘടിപ്പിച്ചു. 30 പഞ്ചായത്തുകളാണ് ഈ പരിശീലനങ്ങളിൽ പങ്കെടുത്തത്. ഈ പരിശീലനങ്ങൾക്കും സാമ്പത്തികമായി സഹായിച്ചത് കിലയാണ്.
- നിലവിൽ 92 പഞ്ചായത്തുകളായി,

| **ജില്ല** | **പഞ്ചായത്ത്** |
|---|---|
| കാസർകോഡ് | 5 |
| കണ്ണൂർ | 18 |
| കോഴിക്കോട് | 9 |
| പാലക്കാട് | 8 |
| വയനാട് | 3 |
| മലപ്പുറം | 7 |
| തൃശൂർ | 7 |
| എറണാകുളം | 7 |
| ഇടുക്കി | 5 |
| കോട്ടയം | 5 |
| ആലപ്പുഴ | 3 |
| പത്തനംതിട്ട | 2 |
| കൊല്ലം | 5 |
| തിരുവനന്തപുരം | 8 |
| **ആകെ** | **92** |

- പ്രവർത്തന കൈപ്പുസ്തകം (ഇത് തയ്യാറാക്കി ബഹു.കൃഷിവകുപ്പ് മന്ത്രിയെ കാണിച്ച് അദ്ദേഹത്തിന്റെ നിർദ്ദേശത്തിന്റെ കൂടി അടിസ്ഥാനത്തിൽ), മോഡൽ പ്രോജക്റ്റ്, മോഡൽ ബൈലൊ എന്നിവ തയ്യാറാക്കി 94 പഞ്ചായത്തുകൾക്കും ലഭ്യമാക്കി.
- 92 പഞ്ചായത്തിലെ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, വികസന സ്റ്റാന്റിങ് കമ്മിറ്റി ചെയർപേഴ്സൺ, കൃഷി വർക്കിങ് ഗ്രൂപ്പ് ചെയർപേഴ്സൺ, കൃഷി ഓഫീസർ എന്നിവരുടെ ഏകദിന കൂടിയിരുപ്പ്. (9 കേന്ദ്രങ്ങൾ). 470 ൽ 348 പേർ പങ്കെടുത്തു (ഇതിൽ 67 ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്മാർ, 44 കൃഷി

ഓഫീസർമാർ, 11 പഞ്ചായത്ത് സെക്രട്ടറിമാർ, 68 വികസന സ്റ്റാന്റിങ് കമ്മിറ്റി ചെയർപേഴ്സൺസ്, 56 കൃഷി വർക്കിങ് ഗ്രൂപ്പ് ചെയർപേഴ്സൺസ്, 11 കൃഷി അസിസ്റ്റന്റുമാർ, 06 പൊതുപ്രവർത്തകർ, 85 ജനപ്രതിനിധികൾ എന്ന കണക്കിനായിരുന്നു പങ്കാളിത്തം.). ഈ പരിശീലന സഹായവും കിലയായിരുന്നു.

- ഗ്രാമപഞ്ചായത്ത് അസോസിയേഷനിൽനിന്ന് നിരന്തരം പഞ്ചായത്തുകളിൽ ഫോൺവഴി ബന്ധപ്പെടാൻ സംവിധാനം ഒരുക്കി.
- KILA, CCDU (Communication and capacity development unite), TSM (Total Sanitation Mission), Raidco, യുവജനക്ഷേമബോർഡ്, കിഴങ്ങുവർക്ഷ ഗവേഷണ കേന്ദ്രം എന്നിവരുമായി ഈ പരിപാടിയിൽ സഹകരിക്കാനായി ചർച്ച നടത്തി.
- പഞ്ചായത്തുകളുടെ പ്രവർത്തനങ്ങളെ സഹായിക്കാനായി അവർ ആവശ്യപ്പെടുന്നതനുസരിച്ച് പഞ്ചായത്ത് സന്ദർശനങ്ങൾ നടന്നുവരുന്നു. 46 പഞ്ചായത്തുകളിൽ സന്ദർശനം നടത്തി.
- സർക്കാർ ബജറ്റിൽ ഇതിന്റെ സംഘാടന പ്രവർത്തനത്തിനായി ഒരു കോടി രൂപ മാറ്റിവച്ചു. കൃഷി വകുപ്പ് ആവശ്യപ്പെട്ടതനുസരിച്ച് വശദമായ എസ്റ്റിമേറ്റും, സർക്കാർ ഉത്തരവ് ഇറക്കാനുള്ള കരടും, ആക്ഷൻ പ്ലാനും, അസോസിയേഷന്റെ വിശദവിവരവും തയ്യാറാക്കി കൃഷിവകുപ്പ് ഡയറക്ടർക്ക് നൽകി. എന്നാൽ തുടർന്ന് യാതൊരു നടപടിക്രമവും ഇതുവരെയും ഉണ്ടായില്ല.
- 04/03/2013 ബഹു. കൃഷി വകുപ്പ് മന്ത്രിയുടെ വസതിയിൽ വച്ച് , കൃഷി വകുപ്പ് മേധാവികൾ അടക്കം പങ്കെടുത്ത യോഗത്തിൽവച്ച് ആദ്യ അവതരണം, കുടപ്പനക്കുന്ന് കൃഷി ഓഫീസർ നടത്തി.
- 19/03/2013 ബഹു. കൃഷി വകുപ്പ് മന്ത്രി, ബഹു. പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പ് മന്ത്രി, ബഹു.നഗരകാര്യ വകുപ്പ് മന്ത്രി അടക്കമുള്ള ഗവേണിങ് ബോഡിയോഗത്തിൽവച്ച് അടുത്ത അവതരണം കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷന്റെ ചീഫ് എക്സിക്യൂട്ടീവ് കോഡിനേറ്റർ നിർവഹിച്ചു. ഈ യോഗത്തിൽവച്ച് പ്രവർത്തനങ്ങൾ വേഗത്തിൽ മുന്നോട്ട് നീക്കാൻ ആവശ്യമായ അനുമതിയും നർദ്ദേശവും ലഭിച്ചു.
- ഇതിനകം സംഘാടന പ്രവർത്തനത്തിനും ആസൂത്രണത്തിനുമായി 18 പ്രാവശ്യം മാനേജ്മെന്റ് കമ്മിറ്റിയോഗം ചേർന്നു.
- തുടർന്ന് നടക്കുന്ന 7 പരിശീലനങ്ങൾക്കുള്ള മോഡ്യൂളുകൾ തയ്യാറായി കഴിഞ്ഞു. അത് പരിശോധിക്കാനും പരിശീലകരെ സജ്ജമാക്കാനുമായി 22/04/2013 കിലയിൽവച്ച് ഏകദിന മീറ്റങ്.ഇതിൽ 16 കൃഷി എഞ്ചിനീയറിങ് വിദഗ്ദ്ധർ, 6 കൃഷി വിദഗ്ദ്ധർ, 4 മാനേജമെന്റ് വിദഗ്ദ്ധർ, 5 ഫെസിലിറ്റേറ്റേഴ്സ് അടക്കം 31 പേർ പങ്കെടുത്തു.
- തുടർന്ന് നടക്കുന്ന 7 പരിശീലനങ്ങൾക്കുള്ള പരിശീലക പരിശീലനം 02,03/05/2013 കിലയിൽവച്ച്. ഇതിൽ 17 കൃഷി എഞ്ചിനീയറിങ് വിദഗ്ദ്ധർ, 5 കൃഷി വിദഗ്ദ്ധർ, 11 മാനേജമെന്റ് വിദഗ്ദ്ധർ, 9 ഫെസിലിറ്റേറ്റേഴ്സ് അടക്കം 42 പേർ പങ്കെടുത്തു. ഈ പരിശീലനത്തിന്റെ ാഗമായി കിലയിൽ 200 ഗ്രോബാഗുകൾ വച്ച്, അതിൽ പച്ചക്കറിത്തൈകൾ നട്ടു.
- ഇതിനകം (07/05/13) 87 പഞ്ചായത്തുകൾ ഉപദേശകസമിതിക്കും, 78 പഞ്ചായത്തുകൾ കാർഷിക കർമ്മസേനയുടെ ഭരണസമിതിക്കും, 50 പഞ്ചായത്തുകൾ കാർഷിക കർമ്മസേനയ്ക്കും രൂപംനൽകി, 40 പഞ്ചായത്തുകൾ രജിസ്ട്രേഷൻ പ്രവർത്തനവും പൂർത്തിയാക്കി.
- കുന്നോത്തുപറമ്പ് (കണ്ണൂർ ജില്ല) കാർഷിക കർമ്മസേനയുടെ ഉദ്ഘാടനം ബഹു. കൃഷിവകുപ്പ് മന്ത്രി നിർവഹിച്ചു.
- കുന്നോത്തുപറമ്പ് (കണ്ണൂർ ജില്ല), അട്ടപ്പാടി (ഇടുക്കി) എന്നിവിടങ്ങളിൽ ടെക്നീഷ്യൻസിന്റെ ത്രിദിന പരിശീലനം പൂർത്തിയായി.
- 27/08/13 ന് കട്ടപ്പന പഞ്ചായത്തും സ്പൈസസ് ബോർഡ്, കോഫി ബോർഡ് എന്നിവരുമായി ചർച്ച.
- കരവാരം (തിരുവനന്തപുരം), അട്ടപ്പാടി (ഇടുക്കി), ചുനക്കര (ആലപ്പുഴ) എന്നിവിടങ്ങളിൽ ഇതിന്റെ ഭാഗമായി അയൽസഭ രൂപീകരണം ആരംഭിച്ചു.
- അട്ടപ്പാടി (ഇടുക്കി), കുന്നോത്തുപറമ്പ് (കണ്ണൂർ), കരവാരം (തിരുവനന്തപുരം), കട്ടപ്പന (ഇടുക്കി) എന്നിവിടങ്ങളിൽ കാർഷികകർമ്മസേന സംബന്ധിച്ച വിവരം എല്ലാ വീട്ടിലും എത്തിക്കാൻ ഉതകുന്ന

തരത്തിൽ പ്രസിഡന്റുമാരുടെ കത്ത് തയ്യാറാക്കി എത്തിച്ചു, എല്ലാ ഗ്രാമസഭയിലും ഇതു സംബന്ധിച്ച അവതരണങ്ങൾ നടന്നു.

- മലപ്പുറം, തൃശൂർ, എറണാകളം, കാസർകോഡ്, കണ്ണൂർ ജില്ലകളിൽ രണ്ടാം ഘട്ട പരിശീലനം നടത്തി. ഇതിൽ കാർഷിക കർമ്മസേനയുടെ ഉപദേശകസമിതിയിൽ നിന്നും ഭണസമിതിയിൽ നിന്നും 7 പേർ വീതമാണ് പങ്കെടുത്തത്. ഇതിൽ രണ്ടാംഘട്ട പ്രവർത്തനത്തിന്റെ മാനുവലും വിവിധ രജിസ്റ്ററുകൾ, ബില്ലുകൾ, വൗച്ചറുകൾ, രസീതുകൾ എന്നിവയുടെ കോപ്പിയും നൽകി.
- ബഹു. കൃഷിമന്ത്രിയുടെ ചേമ്പറിൽ വച്ച് നടന്ന യോഗത്തിന്റെ അടിസ്ഥാനത്തിൽ ഒരു പഞ്ചായത്തിന് 10,00,000 രൂപ വീതം മെഷീൻ വാങ്ങാൻ ഉൾപ്പെടുത്തി നൽകാം എന്ന് തീരമാനിച്ചിരുന്നു. ഇതിന്റെ പ്രോജക്ട് പ്രൊപ്പോസൽ തയ്യാറാക്കുന്നതിനായി 92 പഞ്ചായത്തിലേക്കും കത്ത് അയച്ച് വിവരശേഖരണം നടത്തി.
- കണ്ണൂർ ജില്ലയിലെ ചെറുതാഴം പഞ്ചായത്ത് കാർഷിക കർമ്മസേനയുടെ ഉദ്ഘാടനം 05/10/2013 ന് ബഹു. കൃഷിവകുപ്പ് മന്ത്രി നടത്തി.
- ചെറുതാഴം പഞ്ചായത്ത് ടെക്നീഷ്യൻസിന്റെ 15 ദിവസത്തെ ആദ്യഘട്ട പരിശീലനം പൂർത്തിയായി. ആലപ്പുഴ ജില്ലയിലെ ചുനക്കര പഞ്ചായത്ത്, തൃശൂർ ജില്ലയിലെ നാട്ടിക ഗ്രാമപഞ്ചായത്ത്, മലപ്പുറം ജില്ലയിലെ കോടൂർ ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിൽ 13 ദിവസത്തെ പരിശീലനങ്ങൾ ആരംഭിച്ചു.

### അനുബന്ധം – 2

# ടെക്നീഷ്യൻസിന്റെ 13 ദിവസത്തെ പരിശീലനം

കാർഷിക കർമ്മസേനകളുടെ 13 ദിവസത്തെ പരിശീലനം നമുക്ക് അടിയന്തിരമായി നടത്തേണ്ടതുണ്ട്. ഇതിനായി 13 ദിവസത്തെ പരിശീലന വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

## ഒന്നാം ദിവസം

**1. പരിചയപ്പെടൽ**

പരിശീലനാർത്ഥികളെ പരിശീലനത്തിനായി തയ്യാറെടുപ്പിക്കുന്ന ഒരു പ്രക്രിയ കൂടി ആയിരിക്കും ഇത്.

2 മണിക്കൂർ

**2. പദ്ധതി വിശദീകരണം**

എന്താണ് ഈ പരിപാടികൊണ്ട് ഉദ്ദേശിക്കുന്നത്, ഇതുവഴി ഇവർക്ക് എന്തുനേട്ടം ഉണ്ടാകും തുടങ്ങിയ കാര്യങ്ങൾ വിശദീകരിക്കും.

45 മിനിറ്റ്

**3. കാർഷിക കർമ്മസേന അധികാരങ്ങളും ഉത്തരവാദിത്വങ്ങളും**

കാർഷിക കർമ്മസേനയുടെ ഉപദേശകസമിതി, ഭരണസമിതി, ടെക്നീഷ്യൻസ് എന്നിവരുടെ ഉത്തരവാദിത്വങ്ങൾ, അധികാരങ്ങൾ, കടമകൾ എന്നിവ ബോധ്യപ്പെടുത്തൽ

1.45 മിനിറ്റ്

**4. വിവിധതരം സ്പ്രേയറുകൾ പരിചയപ്പെടുത്തൽ**

വിവിധതരം സ്പ്രേയറുകൾ, അവയുടെ ഉപയോഗം, നോസിലുകൾ മാറ്റിമാറ്റി ഉപയോഗിക്കുന്നതിന്റെ ആവശ്യകത, ഇവയുടെ മെയിന്റനൻസ്, ഉപയോഗിക്കുമ്പോഴും ശേഷവും ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്നിവ തിയററ്റിക്കലായും പ്രായോഗികമായും ബോധ്യപ്പെടുത്തൽ. ഇതിന് ആകെ ആറ് മണിക്കൂറാണ് വേണ്ടത്.
ഇതിനായി ഒന്നാം ദിവസം: 1 മണിക്കൂർ

## രണ്ടാം ദിവസം

**5. വിവിധതരം സ്പ്രേയറുകൾ പരിചയപ്പെടുത്തൽ തുടർച്ച** 2 മണിക്കൂർ

**6. ട്രാക്ടർ പരിശീലനം**

ട്രാക്ടർ റോഡിലും കരയിലും വയലിലും ഓടിക്കാൻ പഠിപ്പിക്കൽ. കൂടാതെ നിലമൊരുക്കൽ, മണ്ണ് ഇളക്കൽ, ബണ്ട് ഫോർമേഷൻ, കുഴി കുഴിക്കൽ എന്നിവയിലും പരിശീലനം നൽകും. കൂടാതെ ഇവയുടെ മെയിന്റനൻസും പഠിപ്പിക്കും. ഇതിന് ആകെ 15 മണിക്കൂർ സമയം വേണ്ടിവരും. ഇതിന്റെ തിയറി ഭാഗവും, ആദ്യ പ്രായോഗിക പരിശീലനവും കഴിഞ്ഞാൽ എല്ലാ ദിവസവും ഒരു മണിക്കൂർ ട്രാക്ടർ ഓടിക്കാനും ഫീൽഡിൽ പ്രയോഗിക്കാനും എല്ലാവർക്കും അവസരം നൽകും.

5 മണിക്കൂർ

## മൂന്നാം ദിവസം

**7. വിവിധതരം സ്പ്രേയർ പരിശീലനം** 2 മണിക്കൂർ

**8. ക്ലൈമ്പിംഗ് പരിശീലനം**

തെങ്ങുകയറ്റമെഷീൻ പരിചയപ്പെടുത്തൽ, കയറാൻ പ്രായോഗിക പരിശീലനം, വിവിധ പരുവത്തിലെ തേങ്ങ തിരിച്ചറിയാൻ പരിശീലിപ്പിക്കൽ, തെങ്ങിന്റെ മണ്ട വൃത്തിയാക്കാൻ പരിശീലിപ്പിക്കൽ, വിവിധതരം രോഗം-കാരണം-പരിഹാരം എന്നിവ പഠിപ്പിക്കൽ, വിവിധ മരുന്നുകൾ തയ്യാറാക്കൽ, മരുന്നിന്റെ പ്രയോഗം

എന്നിവയിൽ പരിശീലനം നൽകും. ഇതിന് ആകെ 7 മണിക്കൂറാണ് വേണ്ടത്.

3 മണിക്കൂർ

**9. ട്രാക്ടർ പരിശീലനം** 3 മണിക്കൂർ

## നാലാം ദിവസം

**10. വിവിധതരം സ്പ്രേയറുകൾ പരിശീലനം. തുടർച്ച** 3 മണിക്കൂർ

**11. ക്ലൈമ്പിംഗ് പരിശീലനം. തുടർച്ച** 3 മണിക്കൂർ

**12. ട്രാക്ടർ പരിശീലനം** 2 മണിക്കൂർ

## അഞ്ചാം ദിവസം

**13. ട്രാക്ടർ പരിശീലനം. തുടർച്ച** 5 മണിക്കൂർ

**14. ക്ലൈമ്പിംഗ്** 30 മിനിറ്റ്

**15. കമുകിൽ പാക്ക് പറിക്കാനുള്ള മെഷീൻ**

കമുകിൽനിന്നും പാക്ക് പറിക്കാനുള്ള മെഷീൻ പരിചയപ്പെടുത്തൽ, പ്രായോഗിക പരിശീലനം, മെയിന്റനൻസ് പരിശീലനം

2 മണിക്കൂർ

## ആറാം ദിവസം

**14. ട്രാക്ടർ ഓടിക്കൽ** 1 മണിക്കൂർ

**15. ക്ലൈമ്പിംഗ്** 1 മണിക്കൂർ

**16. ബ്രഷ് കട്ടിംഗ്**

ബ്രഷ് കട്ടറുകൾ പരിചയപ്പെടുത്തൽ, പ്രായോഗിക പരിശീലനം, മെയിന്റനൻസ്, ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്നിവയിൽ പരിജ്ഞാനം ഉണ്ടാക്കുക, പ്രായോഗികജ്ഞാനം നൽകുക.

3 മണിക്കൂർ

**17. ട്രില്ലർ പരിശീലനം**

ട്രില്ലർ വയലിലും കരയിലും ഉപയോഗിക്കാൻ പരിശീലിപ്പിക്കും. കൂടാതെ ഉത്പന്നങ്ങൾ കയറ്റി റോഡിലൂടെ ഓടിക്കാനും പരിശീലിപ്പിക്കും. ഇതിന്റെ മെയിന്റനൻസിനുവേണ്ട പരിശീലനവും നൽകുന്നതാണ് ഇതിന് കുറഞ്ഞത് 12 മണിക്കൂർ പരിശീലനം വേണം.

2 മണിക്കൂർ

## ഏഴാം ദിവസം

**18. ട്രാക്ടർ ഓടിക്കൽ** 1 മണിക്കൂർ

**19. ക്ലൈമ്പിംഗ്** 30 മിനിറ്റ്

**20. ബ്രഷ് കട്ടിംഗ്** 2 മണിക്കൂർ

**21. ട്രില്ലർ പരിശീലനം** 3.30 മണിക്കൂർ

## എട്ടാം ദിവസം

**22. ക്വാളിറ്റി മാനേജ്മെന്റ്**

വിളവെടുപ്പ്, സംഭരണം, വിതരണം എന്നിവയിലെ ക്വാളിറ്റി മാനേജ്മെന്റ് പരിശീലനം നൽകാൻ ഇതുവഴി സംവിധാനം ഉണ്ടാക്കും.

**23. ട്രില്ലർ ഓടിക്കൽ** 5 മണിക്കൂർ

## ഒൻപതാം ദിവസം

**24. ഹാർവെസ്റ്റിംഗ് മെഷീൻസ്**

വിവിധതരം ഹാർവെസ്റ്റിംഗ് മെഷീനുകൾ, അവയുടെ മെയിന്റനൻസ്, പ്രയോഗം എന്നിവയിൽ പ്രായോഗിക പരിശീലനം നൽകുക.

2 മണിക്കൂർ

**25. ട്രില്ലർ ഓടിക്കൽ** 1 മണിക്കൂർ

**26. ഞാറ് നടീൽ യന്ത്രം**

വിവിധ ഞാറുനടീൽ യന്ത്രങ്ങൾ പരിചയപ്പെടുത്തൽ, അതിൽ പരിശീലനം നൽകൽ, അവയുടെ മെയിന്റനൻസിൽ പരിശീലനം നൽകൽ എന്നിവ ഇതിന്റെ ഭാഗമായി നടക്കും. കൂടാതെ വിത്ത് സൂക്ഷിക്കൽ, വിത്ത് തെരഞ്ഞെടുക്കൽ, വിവിധതരം വിത്തുകൾ, ഞാറ്റടി പ്രിപ്പറേഷൻ, നടീൽ എന്നിവയിലും പരിശീലനം നടത്തും. ഇതിന് ആകെ 7 മണിക്കൂർ സമയമാണ് വേണ്ടത്.

4 മണിക്കൂർ

## പത്താം ദിവസം

**27. ഹാർവെസ്റ്റിംഗ് മെഷീൻസ്** 2.30 മണിക്കൂർ

**28. ഞാറ് നടീൽ യന്ത്രം** 3 മണിക്കൂർ

**29. വിത്ത് പാകൽ യന്ത്രം**

വിത്ത് പാകുന്നതിനുള്ള വിവിധ യന്ത്രങ്ങൾ, അവയുടെ പ്രയോഗം, മെക്കാനിസം, മെയിന്റനൻസ് എന്നിവയിൽ പ്രായോഗികപരിശീലനം നൽകുക.

1.30 മണിക്കൂർ

## പതിനൊന്നാം ദിവസം

**30. വിവിധ വിളകൾ, അവയുടെ നടീലും പരിപാലനവും**

എല്ലാവിധ കൃഷിയുടെയും നടീൽരീതി ഇവരെ ശാസ്ത്രീയമായി പരിശീലിപ്പിക്കുക, ഇതിൽ തന്നെ വിത്ത്/തൈ സെലക്ട് ചെയ്യൽ, നടുന്ന സമയത്ത് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, കുഴിയുടെ പ്രത്യേകത, വലിപ്പം എന്നിവയടക്കം ഇതിൽ പരിശീലിപ്പിക്കും. ഇത് ചെയ്തും തിയററ്റിക്കലായും ഇവരെ ബോധ്യപ്പെടുത്തണം. അതിനായി പാടം ഒരുക്കൽ, നടീൽ മുന്നൊരുക്കം എന്നിവയടക്കം ഉൾപ്പെടുത്തും. ഇതിന് കുറഞ്ഞത് 10 മണിക്കൂറെങ്കിലും സമയം വേണ്ടിവരും.

7 മണിക്കൂർ

## പന്ത്രണ്ടാം ദിവസം

**31. വിവിധതരം കീടനാശിനി, കുമിൾനാശിനി നിർമ്മാണവും പ്രയോഗവും**

വിവിധ രോഗങ്ങൾക്കുള്ള കീടനാശിനി, കുമിൾനാശിനി എന്നിവ നിർമ്മിക്കാനും, അവയുടെ പ്രയോഗവും പ്രായോഗിക പരിജ്ഞാനം നൽകും.

3 മണിക്കൂർ

**32. തൈ, നഴ്സറി, ഗ്രോബാഗ്**

വിവിധതരം വിത്തുകൾ, അവയുടെ സെലക്ഷൻ, തൈ പ്രിപ്പറേഷൻ, നഴ്സറി തയ്യാറാക്കൽ, ഗ്രോബാഗ് നിർമ്മാണം ഇവയിലെല്ലാം പ്രായോഗിക പരിശീലനം നൽകും.

2 മണിക്കൂർ

**33. ജൈവവള നിർമ്മാണം**

വിവിധതരം ജൈവവള നിർമ്മാണ രീതികളിൽ പ്രായോഗികപരിശീലനം ഇവർക്ക് നൽകും. നിർമ്മാണം, പാക്കിംഗ്, വിതരണം എന്നിവയും ഇതിൽ ഉൾപ്പെടുത്തണം.

2 മണിക്കൂർ

## പതിമൂന്നാം ദിവസം

**34. ബയോഗ്യാസ് പ്ലാന്റ്**

വിവിധതരം ബയോഗ്യാസ് പ്ലാന്റ്, അവയുടെ നിർമ്മാണം, അതുവഴി നടത്തേണ്ട വേസ്റ്റ് മാനേജ്മെന്റ് പ്രക്രിയ, അത് കൃഷിക്ക് സഹായകമായി എങ്ങനെ ഉപയോഗിക്കാം ഇത്യാദി കാര്യങ്ങളിൽ പ്രായോഗിക പരിശീലനം നൽകുക.

3 മണിക്കൂർ

**35. ഓഫീസ് നടപടിക്രമങ്ങൾ**

ബില്ല് പ്രിപ്പറേഷൻ, വർക്ക് ഷെഡ്യൂൾ തയ്യാറാക്കൽ, ഡേറ്റാഷീറ്റ് തയ്യാറാക്കൽ, ക്യാഷ് കളക്ഷൻ, ഡ്യൂട്ടീസ് ആന്റ് റെസ്പോൺസിബിലിറ്റീസ്, ഇവർ കാത്തുസൂക്ഷിക്കേണ്ട മൂല്യങ്ങൾ, വർക്ക് ഡയറി പ്രിപ്പറേഷൻ തുടങ്ങിയവയിൽ പ്രായോഗികപരിശീലനം നൽകും.

3 മണിക്കൂർ

**36. സമാപനം**

സമാപനത്തിൽ തുടർപ്രവർത്തന ആസൂത്രണവും 12 ദിവസത്തെ പരിശീലനവിലയിരുത്തലും, പരിശീലന റിപ്പോർട്ട് തയ്യാറാക്കലും നടക്കണം. ഓരോ പ്രദേശത്തിന്റെയും പ്രത്യേകതകൾ അനുസരിച്ച് ഏത് വിഷയമാണ് വേണ്ടത്, ഏത് വിഷയമാണ് വേണ്ടാത്തത്, ഏതിന് കൂടുതൽ സമയം നൽകണം, ഏതിന് കുറച്ചുസമയം നൽകണം എന്നതിന്റെ അടിസ്ഥാനത്തിലാണ് സമയം ക്രമീകരിക്കേണ്ടത്. അത്തരത്തിൽ 13 ദിവസത്തെ പരിശീലനത്തിന്റെ സമയക്രമമാണ് തയ്യാറാക്കി പ്രോജക്ട് രൂപത്തിൽ നൽകേണ്ടത്.

## ഈ പരിശീലനത്തിന്റെ നടത്തിപ്പ്

പ്രാദേശികമായി ഇതിന്റെ സംഘാടനം പഞ്ചായത്തുകളാണ് വഹിക്കേണ്ടത്. ഇതിന് ആവശ്യമായ സാമ്പത്തികത്തിന് നേരത്തേ സൂചിപ്പിച്ചതുപോലെ 'ആത്മ'യിൽ പ്രോജക്ട് തയ്യാറാക്കി നൽകണം.

പരിശീലനം നടത്തുന്നതിന് കൃഷിവകുപ്പിലെ എൻജിനീയർമാർ, റെയിഡ്കോയുടെ എൻജിനീയർമാർ, കുടപ്പനക്കുന്ന് കാർഷികകർമ്മസേനയുടെ എൻജിനീയർമാർ എന്നിവരുടെ ഒരു ഗ്രൂപ്പിന് രൂപം നൽകിയിട്ടുണ്ട്. കൂടാതെ 'കില'യിൽ വച്ച് അവർക്ക് ഒരു പരിശീലനവും സംഘടിപ്പിച്ചിരുന്നു.